II ഇ.ബി. XIII കേരള നിയമസഭ/II-20

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 28, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ബഹുമാനപ്പെട്ട വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി ഇന്നലെ പത്തനാപുരത്തുവച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെക്കുറിച്ച് അപഹാസ്യവും ഹീനവുമായ പരാമർശം നടത്തിയെന്നും ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെയും ഗവൺമെന്റി ന്റെയും അഭിപ്രായം എന്താണെന്ന് സഭയ്ക്ക് അറിയണമെന്നും ആവശ്യപ്പെട്ട് പ്രതിപക്ഷ ഉപനേതാവ് പ്രസ്താവന നടത്തുകയും തുടർന്ന് സംസാരിച്ച മുഖ്യമന്ത്രി, പ്രതിപക്ഷനേതാവിനെക്കുറിച്ച് മന്ത്രി നടത്തിയ പ്രസ്താവന സർക്കാരിന്റെ അഭിപ്രായമല്ലെന്നും മന്ത്രിസഭയിലെ ഒരംഗം ഇത്തരത്തിൽ അഭിപ്രായ പ്രകടനം നടത്തിയതിൽ ഗവൺമെന്റിനുവേണ്ടി ഖേദം പ്രകടിപ്പി ക്കുന്നുവെന്നും മന്ത്രിയോട് ആ സ്റ്റേറ്റ്മെന്റ് പിൻവലിക്കണമെന്ന് ആവശ്യപ്പെ ട്ടിട്ടുണ്ടെന്നും അറിയിച്ചു. മുഖ്യമന്ത്രി ഖേദം പ്രകടിപ്പിക്കുമ്പോൾ അത് സംസ്ഥാനത്തിന്റെ പൊതുവായ കാര്യമായിട്ടാണ് എടുക്കേണ്ടതെന്നും സഭാന ടപടികളിലേയ്ക്ക് കടക്കുകയാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയി

ച്ചു. പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരിക്കെ ചോദ്യോത്തരങ്ങൾ ആരംഭിച്ചു.)

82 (*601) <u>എക്സൈസ് വകുപ്പിന്റെ വെബ്സൈറ്റ്</u>

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, എക്സൈസ് വകുപ്പിന്റെ വെബ്സൈറ്റ് ഒരു മാസത്തിനകം പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വകുപ്പിന്റെ പ്രവർത്തനം, നിയമഭേദഗതികൾ, ഉത്തരവുകൾ, അബ്കാരി നയം എന്നിവ വെബ്സൈറ്റിൽക്കൂടി വെളിപ്പെടുത്തുന്നതാണെന്നും സഭയെ അറിയിച്ചു. വകുപ്പിന്റെ നവീകരണത്തിനായി ഈ സാമ്പത്തികവർഷം 2,75,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 55 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശവും റിഫ്ളക്ട് ജാക്കറ്റ്, ഹെൽമറ്റ്, കൈവിലങ്ങ്, സെർച്ച് ലൈറ്റ് എന്നീ ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുന്ന കാര്യവും പരിഗണനയിലാണ്. എല്ലാ ജില്ലകളിലും വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് നൽകിയ 101 റിവോൾവറുകൾക്കുള്ള 9000 തിരകളും 2010-ൽ വാങ്ങിയതും ഉദ്യോഗസ്ഥർക്ക് നൽകാതിരുന്നതുമായ 110 പിസ്റ്റലുകൾക്കുള്ള 17000 തിരകളും വാങ്ങാനായി പൂനയിലുള്ള അമ്യൂനിഷൻ ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മേജർ കേസ്സുകൾ എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗവും എക്സൈസ് കേസ്സുകളുടെയും പ്രതികളുടെയും വിവരം സംസ്ഥാനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് ക്രൈം റിക്കാർഡ്സ് ബ്യൂറോയും ആരംഭിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർക്ക് 321 മൊബൈൽ ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്; എക്സൈസ് ഗാർഡ് മുതലുള്ളവർക്ക് മൊബൈൽ കണക്ഷൻ നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. കള്ളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം സോണിൽ മൊബൈൽ ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കള്ള് വില്പന നടത്തുന്നതിന് പാലക്കാട് നിന്ന് കള്ള് കൊണ്ടുവരുന്നതിന് തുടർന്നും അനുവാദം നൽകിയിട്ടുണ്ട്. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള തീരുമാനമെടുക്കുകയുള്ളൂ. തൃശ്ശൂരിലെ എക്സൈസ് അക്കാഡമിക്കുവേണ്ടി 25 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഈ വർഷംതന്നെ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. സ്വന്തമായി കെട്ടിടമില്ലാത്ത എക്സൈസ് റെയ്ഞ്ച് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വകുപ്പ് പരിഷ്ക്കരണത്തിനുമായി 342.35 കോടി രൂപയുടെ പ്ലാൻ ഫണ്ട് ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. അബ്കാരി കേസ്സുകളുടെ അടിസ്ഥാനത്തിൽ കണ്ടുകെട്ടുന്ന വാഹനങ്ങളും സ്പിരിറ്റും അനധികൃത മദ്യവും ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. 50 ചെത്ത് തൊഴിലാളികളും 50 തെങ്ങും ഒരു ഷാപ്പിന് ഉണ്ടാകണമെന്ന നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നില്ലെന്നും ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ നഗരത്തിന്റെ തിരക്കേറിയ സ്ഥലങ്ങളിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ബോർഡ് യോഗം

തീരുമാനമെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നതിനാൽ ചോദ്യോത്തര വേളയുടെ തുടർന്നുള്ള ഭാഗങ്ങളും ശൂന്യവേളയും സസ്പെൻഡ് ചെയ്യുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5855 മുതൽ 6151 വരെയുള്ള ചോദ്യങ്ങളിൽ 16 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)